**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4077** **17-03-2025 - ൽ മറുപടിയ്ക്ക്**

**കുട്ടികൾ ഉൾപ്പെട്ട ലഹരി കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കുട്ടികൾ ഉൾപ്പെട്ട ലഹരി കേസുകൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര കുട്ടികൾക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 2021 ജനുവരി മുതൽ 2025 ജനുവരി 31 വരെ 216 കുട്ടികൾക്കെതിരെ 194 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ലഹരി കടത്തുകാരായി കുട്ടികളെ ഉപയോഗിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുട്ടികളെ ഇതിനായി ഉപയോഗിക്കുന്ന സംഘങ്ങൾക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ലഹരി മാഫിയകളെ തടയുന്നതിനും ലഹരി മരുന്നിന്റെ ഉൽപ്പാദനം, സംഭരണം, വിതരണം, ഉപഭോഗം എന്നിവ തടയുന്നതിനും എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നു. ലഹരിയുമായി ബന്ധപ്പെട്ട കേസ്സുകളിലെ പ്രതികളുടെ യാത്രാവിവരങ്ങൾ ശേഖരിച്ചും സാമ്പത്തിക ഇടപാടുകൾ പരിശോധിച്ചും ഫോൺ കോളുകളും ടവർ ലൊക്കേഷനുകളും ശേഖരിച്ചും അന്വേഷണം നടത്തി നിയമനടപടികൾ സ്വീകരിച്ച് വരുന്നു. മയക്കുമരുന്നുകളുമായി ബന്ധപ്പെട്ട കുറ്റവാളികളുടെ പട്ടിക തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിക്കുകയും അവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. മയക്കുമരുന്ന് കേസ്സുകളിൽ ഉൾപ്പെടുന്ന പ്രതികളെ PIT NDPS Act 1985 (The prevention of illicit traffic in Narcotics and psychotropic Substances Act) പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികളും, എൻ.ഡി.പി.എസ് കേസ്സുകളിൽ 10 വർഷത്തിൽ കൂടുതൽ ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന കുറ്റവാളികളുടെ സ്വത്തുക്കൾ കണ്ടുകെട്ടുന്നതിനുള്ള നിയമ നടപടികകളും, മയക്കുമരുന്ന് കേസ്സിൽ ശിക്ഷ ലഭിച്ചിട്ടുള്ള ഒരാൾക്കെതിരെ സമാന സ്വഭാവത്തിലുള്ള മറ്റൊരു കേസ്സിൽ കുറ്റപത്രം സമർപ്പിക്കുന്ന സമയത്ത് എൻ.ഡി.പി.എസ് ആക്റ്റ് സെക്ഷൻ 31 കൂടി ഉൾപ്പെടുത്തി അധിക ശിക്ഷ |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിനുള്ള നടപടികളും, മയക്കുമരുന്ന് കേസ്സുകളിലെ പ്രതികൾ പുറത്തിറങ്ങിയാൽ ഇനി കുറ്റകൃത്യങ്ങൾ ആവർത്തിക്കില്ലായെന്ന് ബോണ്ടുവെപ്പിക്കുന്ന നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | കുട്ടികൾക്കിടയിലെ ലഹരി ഉപയോഗവും ലഹരി കച്ചവടവും തടയുന്നതിന് പുതിയതായി എന്തെങ്കിലും കർമ്മ പരിപാടികൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ ; വ്യക്തമാക്കുമോ? | (സി) | കുട്ടികൾക്കിടയിലെ ലഹരി ഉപയോഗവും ലഹരി കച്ചവടവും തടയുന്നതിനായി എൻഫോഴ്സ്മെന്റ് ബോധവൽക്കരണങ്ങൾക്ക് പുറമേ 'Operation Clean State' എന്ന പേരിൽ 05.03.2025 മുതൽ 12.03.2025 വരെയുള്ള കാലയളവിൽ ശക്തമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ പരമാവധി മയക്കുമരുന്ന് കേസ്സുകൾ കണ്ടെടുക്കുന്നതിനു പുറമെ ഒളിവിൽപോയ പ്രതികൾ, വാറണ്ട് പ്രതികൾ എന്നിവരെ അറസ്റ്റ് ചെയ്യുന്നതിനും സ്ഥിരം കുറ്റവാളികൾക്കെതിരെ PIT NDPS Act പ്രകാരമുള്ള കരുതൽ തടങ്കൽ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ലഹരി വസ്തുക്കളുടെ ഉപയോഗം, വിപണനം, കടത്ത് എന്നിവ തടയുന്നതിനുള്ള പ്രവർത്തനം പ്രസ്തുത സ്പെഷ്യൽ ഡ്രൈവ് കാലയളവിനുശേഷവും തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ